കണ്ണൂർ ജില്ല

(6) ചക്കരക്കല്ല്

(7) കൊളച്ചേരി

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

29 (2586) കെ.എഫ്.സി. ബ്രാഞ്ച് തുടങ്ങാൻ നടപടി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കെ.എഫ്.സി.യുടെ എത്ര ബ്രാഞ്ചുകൾ ആണ് ഉള്ളത്;

(ബി) കൊല്ലം ജില്ലയിൽ എത്ര ബ്രാഞ്ചുകൾ ഉണ്ട്;

(സി) പുനലൂരിൽ കെ.എഫ്.സി.യുടെ ഒരു ബ്രാഞ്ച് ആരംഭിക്കണം എന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് കെ.എഫ്.സി.ക്ക് ബ്രാഞ്ച് ഇല്ല എന്ന വസ്തുത പരിഗണിച്ച് പുനലൂരിൽ കെ.എഫ്.സിയുടെ ഒരു ബ്രാഞ്ച് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 15 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒന്ന്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

30 (2587) കെ.എസ്.എഫ്.ഇ.യിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എക്സ് സർവ്വീസുകാർ എത്രപേർ ഇപ്പോൾ ജോലി ചെയ്തുവരുന്നു;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക എക്സ് സർവ്വീസുകാരെ പ്രസ്തുത തസ്തികയിൽ നിയമിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇനി 5 മാസംമാത്രം കാലാവധിയുള്ള പ്രസ്തുത റാങ്ക്ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാനും താൽക്കാലിക സർവ്വീസിൽ ഉള്ളവരെ മാറ്റിനിറുത്തുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) 31/3/99-ലെ കമ്പനിയുടെ ബിസിനസ് റിവ്യൂ അനുസരിച്ച് ഉണ്ടായിട്ടുള്ള 73 പുതിയ ഒഴിവുകളിൽ സബോർഡിനേറ്റ് സ്റ്റാഫിന് സംവരണം ചെയ്തിട്ടുള്ള ഒഴിവുകൾ കഴിച്ച് ബാക്കി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്. ഇതു സംബന്ധിച്ച് പി.എസ്.സി.യിൽനിന്നും നിർദ്ദേശം ലഭിച്ചാലുടൻ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിൽ എക്സ് സർവ്വീസുകാർ ജോലി ചെയ്തുവരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന സമയത്ത് താൽക്കാലികമായി എക്സ് സർവ്വീസുകാരെ നിയമിക്കാൻ കമ്പനിയുടെ ഡയറക്ടർ ബോർഡ് ആണ് തീരുമാനിച്ചത്. എന്നാൽ പി.എസ്.സി. വഴി നിയമനം ലഭിച്ച വലിയൊരു വിഭാഗം ഉദ്യോഗാർത്ഥികൾ നിയമനം സ്വീകരിക്കാതിരുന്നതുമൂലവും ജോലി സ്വീകരിച്ചവരിൽ കുറെപേർ ജോയിനിംഗ് പിരീഡ് കൂടുതലായി ആവശ്യപ്പെടുന്നതിനാലും താൽക്കാലിക എക്സ് സർവ്വീസുകാരെ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

31 (2588) കള്ള് ഷാപ്പുകൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ വിൽക്കുന്നതിനാവശ്യമായ കള്ള് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ടോ; എത്ര ലിറ്റർ കള്ളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്;

(ബി) കഴിഞ്ഞ കുറെ നാളുകളായി കള്ളുഷാപ്പുകൾ എക്സൈസ് ഉദ്യോഗസ്ഥന്മാർ പരിശോധന നടത്താറില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം എത്ര ഷാപ്പുകൾ റെയിഡു നടത്തി;

(ഡി) ഈ റെയിഡിന്റെ ഫലമായി എത്ര കള്ളുഷാപ്പുകളിൽ വ്യാജമദ്യം വിറ്റതായി കണ്ടെത്താൻ കഴിഞ്ഞു;

(ഇ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വ്യാജമദ്യ വിൽപ്പന തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കള്ളുഷാപ്പുകളിൽ എക്സൈസ് ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly